I/55283/2023

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ്: ജീവനക്കാര്യം - മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലം മാറ്റം 2023 - അസിസ്റ്റൻറ് ദന്തൽ സർജൻ- അന്തിമ പട്ടിക- ഭേദഗതി - ഉത്തരവ്പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സ്വഉ (അച്ചടി) നം. 03/2017/ആ.കു.വ തീയതി 25.02.2017

2. ഉത്തരവ് നം. ഇഎ2- 5684/2023/ആ.വ.ഡ, തീയതി 31/05/2023

3. ഉത്തരവ് നം. ഇഎച്ച്1- 7074/2023/ആ.വ.ഡ തീയതി 24.04.2023

4. മെഡിക്കൽ ഓഫീസർമാർ സമർപ്പിച്ച അപ്പീലുകൾ

**ഉത്തരവ് നമ്പർ ഇഎ2- 5684/2023/ആ.വ.ഡ, തീയതി:** 16-06-2023

2023 ലെ പൊതുസ്ഥലംമാറ്റം നടപ്പിലാക്കുന്നതിൻറെ ഭാഗമായി മേൽ പരാമർശം (1) അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിലെ അസിസ്റ്റൻറ് ദന്തൽ സർജൻ തസ്തികയിലെ അന്തിമ സ്ഥലംമാറ്റ പട്ടിക പരാമർശം (2) പ്രകാരം പ്രസിദ്ധീകരിക്കുകയും, ടി പട്ടികയ്ക്കെതിരെ പരാതികളോ, അപ്പീലുകളോ ഉണ്ടെങ്കിൽ അവ തീർപ്പാക്കുന്നതിന് അവസരം നൽകുകയും ചെയ്തിരുന്നു. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാരിൽ നിന്നും ലഭ്യമായ അപ്പീൽ അപേക്ഷകൾ ഈ ഓഫീസിൽ പരാമർശം (3) പ്രകാരം രൂപീകൃതമായിരിക്കുന്ന അപ്പീൽ കമ്മിറ്റി പരിശോധിക്കുകയും, ചുവടെ പരാമർശിച്ചിരിക്കുന്ന ഭേദഗതിയോടുകൂടി പരാമർശം (2) ഉത്തരവ് നിലനിർത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പരാമർശം (2) ഉത്തരവിലെ ക്രമ നം.25, ഡോ. ലിജി.കെ. കൃഷ്ണനെ, ടി ഡോക്ടറുടെ ഓപ്ഷൻ പരിഗണിച്ച് തൃശ്ശൂർ ജില്ലയിൽ നിലവിൽ ഒഴിവുള്ള വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിലേക്ക് സ്ഥലംമാറ്റി നിയമിക്കുന്നു.

2. 05.06.2023 തീയതിയിലെ ഒഎ 862/2023 ലെ ബഹുമാനപ്പെട്ട ട്രിബ്യൂണലിൻറെ ഉത്തരവ് അനുസരിച്ച് അപ്പീൽ പരിശോധിക്കുകയും, പരാമർശം(2) പ്രകാരമുള്ള ഉത്തരവിലെ ക്രമ നം. 36 നിലനിൽക്കുന്നതുമാണ്.

3. 05.06.2023 തീയതിയിലെ ഒഎ 864/2023 ലെ ബഹുമാനപ്പെട്ട ട്രിബ്യൂണലിൻറെ ഉത്തരവ് അനുസരിച്ച് അപ്പീൽ പരിശോധിക്കുകയും, പരാമർശം(2) പ്രകാരമുള്ള ഉത്തരവിലെ ക്രമ നം. 31 നിലനിൽക്കുന്നതുമാണ്.

എല്ലാ സ്ഥാപന മേധാവികളും, ജില്ലാ മെഡിക്കൽ ഓഫീസർമാരും ഈ ഉത്തരവു തീയതി മുതൽ പരമാവധി 21 ദിവസങ്ങൾക്കുള്ളിൽ പകരക്കാരെ കാത്തു നിൽക്കാതെ സ്ഥലംമാറ്റിയിട്ടുള്ള ജീവനക്കാരെ വിടുതൽ ചെയ്യേണ്ടതും വിടുതൽ/ പ്രവേശന വിവരങ്ങൾ യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്. ആയതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്. ആരോഗ്യവകുപ്പ് കാര്യാലയത്തിൻറെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിൻറെ പകർപ്പ് ഒദ്യോഗിക ആവശ്യങ്ങൾക്കായി

I/55283/2023

ഉപയോഗിക്കാവുന്നതാണ്.

Signed by
Reena K J
Date: 16-06-2023 16:30:18
ഡോ. റീന.കെ.ജെ

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ജീവനക്കാർ

പകർപ്പ് : .1 അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം/ എറണാകുളം

2. അക്കൗണ്ടൻറ് ജനറൽ കേരള (എ&ഇ), തിരുവനന്തപുരം

3. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ

4. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ

5. ഫയൽ/ സ്റ്റോക്ക് ഫയൽ